## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1163** **11-02-2025 - ൽ മറുപടിയ്ക്ക്**

## പേരാമ്പ്ര മൾട്ടിപ്ലക്സ് തീയറ്റർ കോംപ്ലക്സിന്റെ പ്രവൃത്തി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ പേരാമ്പ്രയിൽ ആരംഭിക്കാൻ തീരുമാനിച്ച മൾട്ടിപ്ലക്സ് തീയറ്റർ കോംപ്ലക്സിന്റെ പ്രവൃത്തിക്ക് എത്ര തുക ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ പേരാമ്പ്രയിൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ള മൾട്ടിപ്ലക്സ് തീയറ്റർ കോംപ്ലക്സിന്റെ പ്രവൃത്തിക്ക് ഏകദേശം 25 കോടി രൂപ ചെലവു വരുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത കോംപ്ലക്സിന്റെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (ബി) | പേരാമ്പ്ര തീയേറ്റർ സമുച്ചയ നിർമ്മാണത്തിനായി ജലസേചന വകുപ്പിന്റെ കീഴിലുള്ള 60 സെന്റ് സ്ഥലം 05.09.2024 ലെ സ.ഉ.(കൈ)160/2024/റ.വ.നം. ഉത്തരവ് പ്രകാരം 1,74,995/- രൂപ വാർഷിക പാട്ട നിരക്കിൽ 10 വർഷത്തേക്ക് കെ.എസ്.എഫ്.ഡി.സി.ക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. തീയേറ്റർ നിർമ്മാണ പദ്ധതിക്ക് തിരിച്ചടവ് വ്യവസ്ഥ പ്രകാരമുള്ള കിഫ്ബി ധനസഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. 10 വർഷക്കാലാവധി അപര്യാപ്തമായതിനാൽ ടി ഉത്തരവ് ഭേദഗതി വരുത്തി 30 വർഷത്തേക്ക് പുതുക്കി ലഭ്യമാക്കുന്നത് സംബന്ധിച്ചും പാട്ടത്തുക ഒടുക്കുന്നതിന് മോറട്ടോറിയം അനുവദിക്കുന്നത് സംബന്ധിച്ചും ഉള്ള വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. പ്രസ്തുത വിഷയത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് കരാറിൽ ഏർപ്പെട്ട് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ